ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.02.2025 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സർക്കാർ സംവിധാനങ്ങൾ നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Draupadi Murmu has said that it is essential to modernize government systems by utilizing technology.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശനം പുരോഗമിക്കുന്നു. വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, ഇന്തോ-പസഫിക് മേഖലയുടെ സുരക്ഷ തുടങ്ങിയവ ഉഭയകക്ഷി ചർച്ചയിൽ പ്രധാന വിഷയങ്ങളാകും.

   **Prime Minister Narendra Modi's visit to the US is progressing. Trade, investment, technology, security of the Indo-Pacific region, etc. will be the main topics of the bilateral discussions.**

3. ആദായനികുതി ബിൽ 2025 ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ആദായനികുതി നിയമം ലളിതമാക്കിയതായി കേന്ദ്രമന്ത്രി.

   **Finance Minister Nirmala Sitharaman introduced the Income Tax Bill 2025 in the Lok Sabha. The Union Minister said that the Income Tax Act has been simplified.**

4. പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം ഇന്ന് അവസാനിച്ചു. ഇരു സഭകളും അടുത്ത മാസം 10 ന് സമ്മേളിക്കും. ഇന്ന് പിരിഞ്ഞ കേരള നിയമസഭ അടുത്ത മാസം 3 ന് വീണ്ടും ചേരും.

   The first half of the Budget Session of Parliament ended today. Both the houses will meet on the 10th of next month. The Kerala Assembly, which adjourned today, will reconvene on the 3rd of next month.

5. വിവിധ ദേശീയ പെൻഷൻ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   Union Minister Mansukh Mandaviya said that the government is considering bringing various national pension schemes under one umbrella.

6. 38-ാമത് ദേശീയ ഗെയിംസിലെ മത്സരങ്ങൾ ഇന്ന് സമാപിക്കും. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ-നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം.

   The 38th National Games will conclude today. Jamshedpur vs NorthEast United match in ISL football today.

**********************************

**HEADLINE-1**

## DROUPADI MURMU

വളർന്നുവരുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സർക്കാർ സംവിധാനങ്ങൾ നവീകരിക്കേണ്ടതും ഡിജിറ്റലൈസ് ചെയ്യേണ്ടതും അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഇന്ത്യൻ സിവിൽ അക്കൗണ്ട്സ് സർവീസ്, ഇന്ത്യൻ പോസ്റ്റ്, ടെലികമ്മ്യൂണിക്കേഷൻ എന്നിവയിലെ പ്രൊബേഷണറി ഓഫീസർമാരുടെ സംഘത്തെ രാഷ്ട്രപതി ഭവനിൽ അഭിസംബോധന ചെയ്യവെയാണ് രാഷ്ട്രപതി

ഇക്കാര്യം പറഞ്ഞത്. നൂതന സാങ്കേതിക വിദ്യകളും വൈദഗ്ധ്യവും പരിചയപ്പെടുത്താനും പൗര കേന്ദ്രീകൃതവും കാര്യക്ഷമവുമായ ഭരണസംവിധാനങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കണമെന്നും രാഷ്ട്രപതി യുവ ഉദ്യോഗസ്ഥരോട് അഭ്യർത്ഥിച്ചു.

****************************

**HEADLINE-3**

## LS - INCOME TAX BILL

ആദായനികുതി ബിൽ 2025 ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ആദായനികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കാനും ഭേദഗതി ചെയ്യാനും ലക്ഷ്യമിടുന്നതാണ് ബിൽ. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പുതിയ ആദായനികുതി നിയമം ലളിതമാക്കിയതായി ബിൽ അവതരിപ്പിച്ചു കൊണ്ട് കേന്ദ്ര ധനമന്ത്രി പറഞ്ഞു. 1962-ലെ ആദായനികുതി നിയമത്തിൽ ഉണ്ടായിരുന്ന 819 വകുപ്പുകൾ, നിർദ്ദിഷ്ട ബില്ലിൽ 536 ആയി ചുരുക്കിയിട്ടുണ്ട്. സൂക്ഷ്മപരിശോധനയ്ക്കായി ബിൽ പാർലമെന്റ് സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നും അടുത്ത സമ്മേളനത്തിൽ തന്നെ സമിതി റിപ്പോർട്ട് നൽകണമെന്നും ശ്രീമതി നിർമല സീതാരാമൻ നിർദ്ദേശിച്ചു. അതിനിടെ ബിൽ സംബന്ധിച്ച് ചില പ്രതിപക്ഷ എംപിമാർ ഉന്നയിച്ച എതിർ വാദങ്ങൾ കേന്ദ്രമന്ത്രി തള്ളി.

****************************

## RS - FM BUDGET REPLY (INTRO)

ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവർക്ക് പ്രാധാന്യം നൽകുന്നതാണ് ഇത്തവണത്തെ ബജറ്റെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. രാജ്യസഭയിൽ ബജറ്റ് ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അവർ. വളർച്ച ത്വരിതപ്പെടുത്തുക,

എല്ലാവരേയും ഉൾക്കൊള്ളുന്ന സുരക്ഷിതമായ വികസനം കൈവരിക്കുക, സ്വകാര്യമേഖലയിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുക തുടങ്ങിയവയ്ക്ക് കേന്ദ്ര ബജറ്റിൽ മുൻഗണന നൽകിയിട്ടുള്ളതായി കേന്ദ്രധനമന്ത്രി പറഞ്ഞു.

(വോയിസ്...)

****************************

## EVE-WAQF

പ്രതിപക്ഷ പ്രതിഷേധങ്ങൾക്കിടയിൽ വഖഫ് (ഭേദഗതി) ബിൽ 2024 സംബന്ധിച്ച സംയുക്ത സമിതി റിപ്പോർട്ട് ഇന്ന് പാർലമെന്റിന്റെ മേശപ്പുറത്ത് വച്ചു. സംയുക്ത സമിതി അധ്യക്ഷൻ ജഗദാംബിക പാൽ റിപ്പോർട്ട് ലോക്സഭയുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധം തുടർന്നു. റിപ്പോർട്ടിൽ പ്രതിഷേധിച്ച് കോൺഗ്രസ്, ഡിഎംകെ, സമാജ്‌വാദി പാർട്ടി, ടിഎംസി, അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി. നിയമപ്രകാരമാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും എല്ലാ വിയോജനക്കുറിപ്പുകളും റിപ്പോർട്ടിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുണ്ടെന്നും പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. അതേസമയം പ്രതിപക്ഷ അംഗങ്ങൾ നൽകിയ വിയോജനക്കുറിപ്പുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ ആരോപിച്ചു.

****************************

## HEADLINE-2
## PM-US

ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ അമേരിക്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ്, അമേരിക്കയിലെ ഉന്നത നേതാക്കൾ,

വ്യവസായികൾ, എന്നിവരുമായി ഉഭയകക്ഷി ചർച്ച നടത്തും. വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, ഇന്തോ-പസഫിക് മേഖലയുടെ സുരക്ഷ, തുടങ്ങിയവ ചർച്ചയാകും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ക്ഷണ പ്രകാരമാണ് സന്ദർശനം. ട്രംപ് രണ്ടാം തവണയും പ്രസിഡന്റായ ശേഷമുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആദ്യ സന്ദർശനമാണിത്.

****************************

## PM- TULSI GABBARD

യുഎസ് നാഷണൽ ഇന്റലിജൻസ് ഡയറക്ടർ തുളസി ഗബ്ബാർഡ് വാഷിംഗ്ടൺ ഡിസിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി രഹസ്യാന്വേഷണ സഹകരണം വർധിപ്പിക്കൽ, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. പരസ്പര താൽപര്യമുള്ള പ്രാദേശിക-ആഗോള വികസനം സംബന്ധിച്ച കാഴ്ചപ്പാടുകളും ഇരുവരും കൈമാറി.

****************************

### HEADLINE-4

## LOK SABHA

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം ഇന്ന് അവസാനിച്ചു. ഇരു സഭകളും അടുത്തമാസം 10 ന് വീണ്ടും ചേരും. സമ്മേളനത്തിന്റെ ആദ്യഘട്ടത്തിൽ 112 ശതമാനം ഉൽപാദനക്ഷമത രേഖപ്പെടുത്തിയതായി ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചയിൽ 177 അംഗങ്ങൾ പങ്കെടുത്തതായി അദ്ദേഹം സഭയെ

അറിയിച്ചു. 2025-26ലെ പൊതു ബജറ്റിനെക്കുറിച്ചുള്ള ചർച്ചയിൽ 170 അംഗങ്ങൾ പങ്കെടുത്തതായും അദ്ദേഹം പറഞ്ഞു.

*****************************

## KERALA ASSEMBLY

പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അടുത്ത മാസം 3 ന് സഭ വീണ്ടും സമ്മേളിക്കും. പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതികൾ വെട്ടിക്കുറച്ച സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് സ്പീക്കർ അനുമതി നിഷേധിച്ചതിനെ തുടർന്നായിരുന്നു പ്രതിപക്ഷ ബഹളം ആരംഭിച്ചത്. വിഹിതം വെട്ടിച്ചുരുക്കിയത് ക്ഷേമ പദ്ധതികളെ ഗൗരവമായി ബാധിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ പദ്ധതികൾ കാര്യക്ഷമമായാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി ഒ ആർ കേളു മറുപടി നൽകി.

*****************************

## WORLD RADIO DAY (INTRO)

വിജ്ഞാനം, വിനോദം, വിദ്യാഭ്യാസം എന്നിവയുടെ വിശ്വസനീയമായ ഉറവിടമാണ് റേഡിയോയെന്ന് വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു പറഞ്ഞു. ലോക റേഡിയോ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ റേഡിയോ ഫെസ്റ്റിവൽ 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആകാശവാണി ഡയറക്ടർ ജനറൽ ഡോ.പ്രജ്ഞാ പലിവാൾ ഗൗർ ചടങ്ങിൽ സംസാരിച്ചു.

(ഹോൾഡ് വോയ്സ്)

ലോകമെമ്പാടുമുള്ള ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും റേഡിയോ വഹിക്കുന്ന പങ്ക്

വലുതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു. റേഡിയോയും കാലാവസ്ഥാ വ്യതിയാനവും എന്നതാണ് ഈ വർഷത്തെ റേഡിയോ ദിന പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് ശ്രോതാക്കളുടെ സംഗമം സംഘടിപ്പിച്ചു.

****************************

## HEADLINE-5

## RS- PENSION

വിവിധ ദേശീയ പെൻഷൻ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. അടൽ പെൻഷൻ യോജന, പിഎം ശ്രമിക് മന്ഥൻ, പിഎം ശ്രം യോഗി മന്ഥൻ തുടങ്ങിയ പദ്ധതികളുടെ ഗുണഫലം 6 കോടിയോളം ജനങ്ങൾക്ക് ലഭ്യമാകുന്നതായി അദ്ദേഹം രാജ്യസഭയിൽ പറഞ്ഞു. ഗുണഭോക്താവിന് 60 വയസ്സ് തികയുമ്പോൾ പ്രതിമാസം മൂവായിരം രൂപ മുതൽ അയ്യായിരം രൂപ വരെ പെൻഷൻ ലഭിക്കുന്നതാണ് ഈ പദ്ധതികളെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

****************************

## RS - MATSYA 6000

ആഴക്കടൽ പര്യവേഷണം ലക്ഷ്യമിട്ടുള്ള ഇന്ത്യയുടെ സമുദ്രയാൻ ദൗത്യം മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്ന് കേന്ദ്ര സർക്കാർ രാജ്യസഭയിൽ അറിയിച്ചു. മനുഷ്യരെ വഹിച്ചു കൊണ്ടുള്ള 'മത്സ്യ 6000' പേടകം 2026 ഓടെ സമുദ്രത്തിൽ 6000 മീറ്റർ താഴ്ചയിലേക്ക് അയക്കാൻ കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. സമുദ്രത്തിലെ ജൈവവൈവിധ്യം, ധാതു വിഭവങ്ങൾ എന്നിവ പര്യവേഷണം ചെയ്യുകയാണ് ആഴക്കടൽ ദൗത്യത്തിന്റെ ലക്ഷ്യം.

****************************

**HEADLINE-6**

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും. നാളെ ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് സമാപന ചടങ്ങുകൾ. വനിതകളുടെ 500 മീറ്റർ കെ 4 കാനോൻ കയാക്കിങ്ങിൽ കേരളം ഇന്ന് വെങ്കലം നേടി. നിലവിൽ 14-ാം സ്ഥാനത്താണ് കേരളം. സർവീസസ് ഒന്നാം സ്ഥാനത്തും മഹാരാഷ്ട്ര രണ്ടാമതുമാണ്.

****************************

**HEADLINE-6a**

## ISL FOOTBALL

ഐ എ എസ് എൽ ഫുട്ബോളിൽ ജംഷഡ്പൂർ- നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം ആരംഭിച്ചു. ജംഷഡ്പൂരിലെ ജെ.ആർ.ഡി ടാറ്റ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിലാണ് മത്സരം.

****************************

## KOZHIKODE ELEPHANT

കോഴിക്കോട് കൊയിലാണ്ടിയിൽ കുറുവങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ ഉത്സവത്തിനിടെ ആനയിടഞ്ഞു. അപകടത്തിൽ രണ്ട് സ്ത്രീകൾ മരിച്ചു. നിരവധി പേർക്ക് പരിക്ക്.

****************************

## JAL JEEVAN MISSION -LOK SABHA

ജൽ ജീവൻ മിഷനിലൂടെ രാജ്യത്തെ ഗ്രാമീണ മേഖലയിലെ 15.45 കോടിയിലധികം വീടുകളിൽ കുടിവെള്ള വിതരണം

ലഭ്യമാക്കിയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് ജൽശക്തി മന്ത്രി സി ആർ പാട്ടീൽ ഇക്കാര്യം അറിയിച്ചത്. അരുണാചൽ പ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, മിസോറാം, പഞ്ചാബ്, തെലങ്കാന, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ദാദ്ര നഗർ ഹവേലി, ദാമൻ ദിയു, പുതുച്ചേരി എന്നിവയുൾപ്പെടെ 11 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഗ്രാമീണ കുടുംബങ്ങൾക്ക് 100 ശതമാനം ടാപ്പ് വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

****************************

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ ഇന്ന് നേരിയ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 32 പോയിന്റ് ഇടിഞ്ഞ് 76,139 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 14 പോയിന്റ് നഷ്ടത്തിൽ 23,031 ലും വ്യാപാരം അവസാനിപ്പിച്ചു.

*

*************

******************************************